ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അദ്ദേഹത്തിന്റെ അപ്പീൽസ് എവിടെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂരാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അദ്ദേഹത്തിനു് അതിനാവശ്യമുള്ള യോഗ്യതകളില്ലെന്നു് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരഭിപ്രായം മാത്രമാണു്. യോഗ്യതകളെപ്പറ്റി ഓരോരുത്തക്കും ഓരോ അഭിപ്രായമായിരിക്കും.

മരാമത്തു ജോലികൾ

*൭൨. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ പുതിയ മരാമത്തു ജോലികൾ ഏറ്റെടുത്തുപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജോലികൾ ഏതെല്ലാമായിരുന്നു;

(സി) അതിൽ ഏതെല്ലാം ജോലികൾ നിർവ്വിഘ്നം നിർവ്വഹിക്കാൻ സാധിച്ചു?

പൊതുമരാമത്തും, ഗതാഗതവും, വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) പ്രസ്തുത ജോലികൾ അടങ്ങിയ ലിസ്റ്റ് ഫൈൻ ൧–ൽ ലൈബ്രറിൽ Appendix (A) ആയി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(സി) പൂർണ്ണവിവരങ്ങൾ ആണ്ടു അവസാനിക്കുമ്പോൾ മാത്രമേ പറയുവാൻ നിവൃത്തിയുള്ളൂ. മിക്കവാറും ലാപ്സാകാതെ ചിലവാക്കിയിട്ടുണ്ടെന്നാണു് ഗവൺമെണ്ടു് വിചാരിക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എത്ര രൂപ ഇതുവരെ ചിലവായിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇക്കൊല്ലത്തേക്കു് നിശ്ചയിച്ചിട്ടുള്ള ജോലികളിൽ ഭൂരിഭാഗവും തീർത്തുകഴിഞ്ഞോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പണി തീർക്കാനുള്ള തുക മുഴുവനും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. പക്ഷെ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും ചിലവാക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കഴിഞ്ഞവർഷത്തിൽ അതിനു മുമ്പിലത്തെ വർഷത്തിൽ ചെയ്തുകൊണ്ടിരുന്ന പണി വല്ലതും നിറുത്തിവെച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ബഡ്ജറ്റിനെ ആസ്പദമാക്കിയിരിക്കും.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ആറൻമുളയിൽ ഒരു റോഡ് പകുതി ആക്കിയിരുന്നതു് മുഴുവനായില്ലെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെക്കുറിച്ചു് പ്രത്യേകം ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ: ബഡ്ജറിൽ കൊള്ളിച്ചിട്ടും ഇന്നുവരെ പണി തീരാതെ ധാരാളം റോഡുകൾ കൊച്ചിയിലുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങനെ എല്ലായിടത്തും ഉണ്ട്.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിൽ ആ വിധത്തിൽ കൂടുതലുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. ജോർജ്ജ്. അങ്ങനെ പണി തീർന്നില്ലെങ്കിൽ ഈ തുക ലാപ്സായി പോകുകയില്ലെ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനുള്ള കമ്മറിയിൽ മെമ്പറാക്കിടി ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട്. ഇതിനെക്കുറിച്ച് മെമ്പർക്കുതന്നെ അറിയാവുന്നതാണ്.

ശ്രീ. എ. കെ. ജോർജ്ജ്: ലാപ്സായി പോവുകയില്ലെന്നാണോ പറയുന്നത്.

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മിക്കവാറും ചിലവാക്കും.

Sri. A. K. George: Has the Government any idea of the amount that will lapse at the end of March?

Sri. E. John Philipose: Government is of the view, after a closescrutiny that this year, out of Rs. 1,64,00,000 that has been earmarked for the P. W. D, budget, an amount to the extent of Rs. 1,60,00,000 will be spent.

Sri. A. K. George: May I know whether all this amount will be spent on those works allotted or on such other works that Government may choose?

Sri. E. John Philipose: With respect to this the hon'ble Member knows that the practice of budgeting here has been to give certain token allocations to certain works and also to works for which correct estimates are not being obtained. In such cases it may not be possible for Government to spend that money in a purposeless way for that particular work. Such amounts may be diverted for other works which have been budgeted.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ജോലിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾ ചെലവാക്കണമെന്നാണോ, അതോ യഥാകാലം ചെലവ് ചെയ്ത് പണികൾ പൂർത്തിയാക്കണമെന്നാണോ ഉദ്ദേശം?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

VICE-CHANCELLOR

*72 **[3] Sri. D. Gnanasigamoni:** Will the Hon'ble Minister for Education be pleased to state:

(*a*) whether the Vice-Chancellor of the Travancore University has tendered his resignation;

(*b*) If so, the date of his resignation;

(*c*) whether the resignation has been accepted; and

(*d*) the reasons that led to the resignation?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** (*a*), (*b*), & (*c*). The Vice-Chancellor of the Travancore University has tendered his resignation on 31st January 1951 and his Highness the Chancellor has been pleased to accept the resignation.

(*d*) No specific reason has been assigned for the resignation.

LIBRARY ARCHIVES Kerala Legislative Assembly